(ഡി) ഇപ്പോഴത്തെ നഗരസഭ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് എന്തെങ്കിലും നിർദ്ദേശം നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇന്ത്യൻ ഭരണഘടനയുടെ 246-ാം ആർട്ടിക്കിളിലെ 7-ാം പട്ടികയിലെ യൂണിയൻ ലിസ്റ്റിലെ 14-ാം ഐറ്റം പ്രകാരം വിദേശരാജ്യങ്ങളുമായുള്ള പദ്ധതികളുടെ കരാറിൽ ഏർപ്പെടുന്നതിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനാണ്. പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള കരട് കരാർ തയ്യാറാക്കി കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി നടന്നുവരികയാണ്.

(ബി-ഡി) തിരുവനന്തപുരം നഗരസഭയും ബാഴ്സിലോണ സിറ്റി കൗൺസിലും തമ്മിൽ ചർച്ചകൾ നടന്നിരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനമാകാത്തതിനാൽ ബാഴ്സിലോണയെ രേഖാമൂലം അറിയിച്ചിട്ടില്ല. കൂടാതെ തിരുവനന്തപുരം നഗരസഭയും ബാഴ്സിലോണയും തമ്മിലുള്ള ഇരട്ട നഗരം പദ്ധതിയുടെ കരട് കരാർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. സമ്മതപത്രം ലഭിച്ചിട്ടില്ല.

ഹരിയാലി പദ്ധതി

179(471) ശ്രീ. യു. സി. രാമൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിയാലി പദ്ധതി നടപ്പാക്കിയതു മുഖേനയുണ്ടായിട്ടുള്ള പ്രയോജനവും നേട്ടവും വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നല്കാമോ;

(ബി) രണ്ടാം ഗഡു കേന്ദ്ര സഹായം ലഭിച്ച ഇരുപത് പ്രോജക്ടുകൾക്കായി കേന്ദ്ര ഗവൺമെന്റ് ഇതേവരെ നല്കിയ സഹായം എത്രയാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഇതുപത്തി ആറ് പദ്ധതികൾ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ; ആറു പദ്ധതികൾ ഒന്നാം ഘട്ടം പൂർത്തിയാക്കി രണ്ടാം ഗഡുവിന് അർഹതനേടാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) വികസിപ്പിച്ച തരിശുഭൂമിയുടെ പ്രോജക്ട് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതേ വരെ ഈ പ്രോജക്ടുകൾക്ക് ചെലവഴിച്ച തുകയും, ലഭിച്ച കേന്ദ്ര സഹായവും എത്രയാണെന്ന് വിശദമാക്കുമോ;

(ഇ) തരിശുഭൂമി ഏറെയുള്ള മലബാർ മേഖലയ്ക്ക് ഈ പദ്ധതിയുടെ പ്രയോജനം കൂടുതലായി ലഭിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഹരിയാലി പദ്ധതിയിൽ 11 ജില്ലകളിലായി 26 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതികളെല്ലാം തന്നെ പുരോഗമിച്ചു വരുന്നു. ഇതിൽ 26 പദ്ധതികൾക്കും ഒന്നാം ഗഡു ലഭിച്ചിട്ടുണ്ട്. രണ്ടാം ഗഡു 24 പ്രോജക്റ്റുകൾക്കു ലഭിച്ചിട്ടുണ്ട്. 2 പ്രോജക്റ്റുകൾക്ക് മൂന്നാം ഗഡുവും ലഭിച്ചിട്ടുണ്ട്. കൂടാതെ 4 പ്രോജക്റ്റുകളുടെ മൂന്നാം ഗഡുവിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുമുണ്ട്. രണ്ടാം ഗഡു ലഭ്യമായ പ്രോജക്റ്റുകൾ മിഡ്-ടേം ഇവാലുവേഷൻ പൂർത്തിയാക്കുന്ന മുറയ്ക്കാണ് മൂന്നാം ഗഡുവിനുള്ള പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നത്. മിഡ്-ടേം ഇവാലുവേഷൻ നടത്തുമ്പോൾ പ്രോജക്റ്റുകളുടെ നടത്തിപ്പിലെ വിവിധ ഘട്ടങ്ങൾ വിലയിരുത്താറുണ്ട്.

(ബി) രണ്ടാം ഗഡു കേന്ദ്രസഹായം 24 പ്രോജക്റ്റുകൾക്ക് ലഭിച്ചിട്ടുണ്ട്. ഈയിനത്തിൽ കേന്ദ്രഗവൺമെന്റിൽനിന്ന് ഇതേ വരെ ലഭിച്ചിട്ടുള്ളത് ആകെ 3,164.95 ലക്ഷം രൂപയാണ്.

(സി) പദ്ധതികളുടെ പേര് സംബന്ധിച്ച വിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.* പ്രസ്തുത പദ്ധതികളിൽ മേവികുളം, ചേലന്നൂർ ബ്ലോക്കുകൾക്ക് മാത്രമാണ് രണ്ടാം ഗഡു ലഭിക്കാനുള്ളത്. ചേലന്നൂർ ബ്ലോക്കിന്റെ രണ്ടാം ഗഡു പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മേവികുളം ബ്ലോക്കിന് അനുവദിച്ച പദ്ധതി കാലാവധി കഴിഞ്ഞതിനാൽ ഇതുവരെയുള്ള പ്രവർത്തനം അവലോകനം ചെയ്ത് അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) തരിശുഭൂമിയുടെ പ്രോജക്റ്റ് തിരിച്ചുള്ള വിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു*.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി

160(472) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ് ഭവന പദ്ധതിയിൽ രണ്ട് വർഷത്തിനുള്ളിൽ എത്ര കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകാനായിരുന്നു ലക്ഷ്യമിട്ടിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനകം പൂർത്തികരിച്ച വീടുകളുടെ എണ്ണം എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) ലക്ഷ്യമിട്ടിരുന്നതിന്റെ പകുതി വീടുകൾ പോലും ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.